**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1058** **10-08-2023 - ൽ മറുപടിയ്ക്ക്**

**കായംകുളം മണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം മണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | **കായംകുളം മണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. കായംകുളം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ദേവികുളങ്ങര, കണ്ടല്ലൂർ , കൃഷ്ണപുരം , പത്തിയൂർ , ഭരണിക്കാവ് , ചെട്ടികുളങ്ങര എന്നീ പഞ്ചായത്തുകളിൽ ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ഈ നിയോജക മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ആകെ 56467 വീടുകളാണ് ഉള്ളത് . ആയതിൽ 9559 വീടുകൾക്ക് ജല ജീവൻ മിഷൻ ആരംഭിക്കുന്നതിനു മുൻപ് തന്നെ കണക്ഷനുകൾ ഉണ്ട് . ബാക്കിവരുന്ന 49929 വീടുകളിൽ എല്ലാ വീടുകൾക്കും കണക്ഷൻ നൽകുന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.**<br><br>മേൽപറഞ്ഞ 6 പഞ്ചായത്തുകളിലും നിലവിലെ പദ്ധതികളിൽ നിന്നും പൈപ്പ് ലൈൻ ദീർഘിപ്പിക്കലും പുതിയ കണക്ഷൻ നൽകുന്ന പ്രവൃത്തികളും ഉൾപ്പെടുത്തി ഒന്നാം ഘട്ട പ്രവൃത്തികൾ പൂർത്തീകരിച്ചു.<br><br>ഭരണിക്കാവ്, കൃഷ്ണപുരം എന്നീ പഞ്ചായത്തുകളിലെ വിതരണശൃംഖലകൾ വിപുലീകരിച്ച് ഉന്നതതല ജലസംഭരണി നിർമ്മിച്ച് ശുദ്ധീകരിച്ച ജലവിതരണം നടത്തുന്നതിനുള്ള (Augmentation) പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.<br><br>ചെട്ടികുളങ്ങര പഞ്ചായത്തിൽ Augmentation പ്രവൃത്തികൾക്ക് 82.10 കോടി രൂപയുടെയും ദേവികുളങ്ങര പഞ്ചായത്തിൽ Augmentation പ്രവൃത്തികൾക്ക് 44.23 കോടി രൂപയുടെയും ഭരണാനുമതി ലഭിച്ചിട്ടുണ്ട്.<br><br>**രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കായംകുളം നിയോജകമണ്ഡലത്തിലെ പത്തിയൂർ, ആറാട്ടുപുഴ, ദേവികുളങ്ങര, കണ്ടല്ലൂർ പഞ്ചായത്തുകളിൽ** |

| | | | |
|---|---|---|---|
| | | | **കണക്ഷൻ പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ച് കരാറുകാർക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. അതിൻ പ്രകാരം ദേവികുളങ്ങര പഞ്ചായത്തിൽ ഏകദേശം 20% ത്തോളം പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഉല്പാദന ഘടകങ്ങളുടെ പ്രവൃത്തികൾ പാക്കേജ് തിരിച്ച് ദർഘാസ് നടപടികൾ സ്വീകരിച്ചുവരുന്നു.** |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ? | (ബി) | നിലവിൽ 2024 മാർച്ച് വരെയാണ് ടി പദ്ധതിയുടെ പൂർത്തീകരണകാലാവധി. പ്രസ്തുത കാലാവധിയ്ക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## കായംകുളം മണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തികളുടെ വിശദാംശം (പഞ്ചായത്ത് അടിസ്ഥാനത്തിൽ)

| ക്രമ നമ്പർ | പഞ്ചായത്ത് | ആകെ ഗ്രാമീണ വീടുകൾ | JJM ന മുൻപ് ഉണ്ടായിരുന്ന കണക്ഷൻ | ഭരണാനുമതി നൽകിയ കണക്ഷൻ | ഭരണാനുമതി തുക (ലക്ഷം) | JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ | നിലവിൽ ഉള്ള മൊത്തം കണക്ഷൻ (4.08.2023 വരെ) |
|---|---|---|---|---|---|---|---|
| 1 | ഭരണിക്കാവ് | 10333 | 575 | 9758 | 4084.36 | 3077 | 3652 |
| 2 | ചെട്ടികുളങ്ങര | 13177 | 949 | 12228 | 8210.40 | 1888 | 2837 |
| 3 | ദേവികുളങ്ങര | 8127 | 2392 | 5735 | 4423.00 | 1405 | 3797 |
| 4 | കണ്ടല്ലൂർ | 6642 | 3515 | 3127 | 4140.21 | 1007 | 4522 |
| 5 | കൃഷ്ണപുരം | 7866 | 694 | 10193 | 3357.69 | 5465 | 6159 |
| 6 | പത്തിയൂർ | 10322 | 1434 | 8888 | 5883.71 | 2008 | 3442 |
| **ആകെ** | | **56467** | **9559** | **49929** | **30099.37** | **14850** | **24409** |

**സെക്ഷൻ ഓഫീസർ**